# അടിയന്തിര പ്രമേയം

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

മി. സ്പീക്കർ: ഒരു അടിയന്തിര പ്രമേയ നോട്ടീസ് കിട്ടിയിട്ടുണ്ട്. നെൽപ്പാടങ്ങളുമായി ബന്ധപ്പെട്ടതാണ്. 20–06–2012–ൽ റവന്യൂവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ ഈ പ്രശ്നം സഭയിൽ പല അംഗങ്ങളും ഉന്നയിക്കുകയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അതിന് മറുപടിയും നൽകിയിട്ടുണ്ട്. ഇതു കൂടാതെ ജൂൺ 25–ന് ശ്രീ. ടി.എൻ. പ്രതാപൻ നെൽവയൽ ഉൾപ്പെടെയുള്ള കൃഷിസ്ഥലങ്ങളെ നികത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നം ശ്രദ്ധക്ഷണിക്കലായി സഭയിൽ കൊണ്ടുവരികയും അതിന് കൃഷി വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തിട്ടുള്ളതാണ്. രണ്ട് വകുപ്പുമായി ബന്ധപ്പെട്ടു കിടക്കുന്ന വിഷയം രണ്ടു മന്ത്രിമാർ സഭയിൽ മറുപടി പറയുകയും നിരവധി അംഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഇത് ഒരു അടിയന്തിര പ്രാധാന്യമുള്ള പ്രശ്നമല്ല പക്ഷെ സഭയിൽ കൊണ്ടുവന്ന സ്ഥിതിക്ക് വിഷയം നേരത്തെ വന്നിട്ടുള്ളതുകൊണ്ട് ഇത് ആവർത്തനവിരസമാകുന്ന ചർച്ചയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അടിയന്തിരപ്രമേയം അനുവദിക്കുന്നു. ഇത് സഭയുടെ ശ്രദ്ധയിൽ വരേണ്ട ഒരു കാര്യമായതുകൊണ്ടാണ് ഇത്രയും പറഞ്ഞത്.

നെൽപ്പാടങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും പൂർണ്ണ വിവരങ്ങൾ അടങ്ങുന്ന ഡാറ്റാബാങ്ക് വിജ്ഞാപനം ചെയ്യാൻ റവന്യൂ വകുപ്പ് തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്. സുനിൽകുമാർ, വി.ചെന്താമരാക്ഷൻ, മാത്യൂ ടി. തോമസ്,

കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2008 –ലെ നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് റദ്ദാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരപ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്നതുപോലെ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ ഭൂമാഫിയകൾക്ക് കൂട്ടുനിൽക്കുന്നു എന്ന ആരോപണം തന്നെ അടിസ്ഥാന രഹിതമാണ്. നിലവിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്കിൽ നിരവധി അപാകതകൾ ഉള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 18–06–2012–ൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു. ഇത് പാടെ ഇല്ലായ്മ ചെയ്യുവാൻ വേണ്ടിയല്ല ചർച്ച ചെയ്തത്. നമ്മൾ ഒരു ഡാറ്റാബോങ്ക് ഇവിടെ പ്രസിദ്ധീകരിക്കുമ്പോൾ അതിൽ അപാകതകൾ ഇല്ലാതെ പ്രസിദ്ധീകരിക്കേണ്ടത് എല്ലാവരുടേയും ആവശ്യമാണ്. കേരളത്തിന്റെ പൊതു താൽപര്യം സംരക്ഷിക്കുവാൻ തെറ്റുകൾ ഉണ്ടെന്ന് പറയുമ്പോൾ അവ കണ്ണടച്ച് അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുപകരം തിരുത്തണമെന്ന് പറഞ്ഞത് തെറ്റായി കാണുന്നത് വളരെ മോശപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട അംഗം അത് മനസ്സിലാക്കും എന്ന് കരുതുകയാണ്. ഈ അപാകതകൾ കണ്ടെത്തുവാൻ വേണ്ടി ജില്ലാതലത്തിൽ ഡെപ്യൂട്ടി തഹസീൽദാർമാരും കൃഷി ഓഫീസറും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനത്തിലെ പ്രതിനിധിയും അടങ്ങുന്ന ഒരു ടീമിനെ നിയോഗിച്ചിരിക്കുകയാണ്. മാധ്യമങ്ങളിലൊക്കെ ഒരുപാട് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്; ഇതെല്ലാം ക്യാൻസൽ ചെയ്യാൻ പോകുന്നു,

ഇനിയും ഇത് വരാൻ പോകുന്നില്ല. വർഷങ്ങളെടുക്കും എന്നൊക്കെപ്പറഞ്ഞ് മാധ്യമങ്ങളിലെ ചില റിപ്പോർട്ടുകൾ ഞാനും വായിക്കാനിടയായി. തെറ്റായ വാർത്തകളാണ് ഇവിടെ വന്നിട്ടുള്ളതെന്ന് സഭയെ അറിയിക്കുകയാണ്. ചർച്ചയ്ക്കുശേഷം എടുത്ത തീരുമാനം, ഒരു ഡെപ്യൂട്ടി തഹസീൽദാർ, കൃഷി ഓഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി അടങ്ങുന്ന ആവശ്യമായ ഒരു ടീമിനെ നിയോഗിച്ചുകൊണ്ട് മൂന്ന് മാസത്തിനകം ഈ അപാകതകൾ കണ്ടെത്തി പരിഹരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെയടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് സെപ്റ്റംബർ 17-ന് കരട് ഡാറ്റാബാങ്ക് തയ്യാറാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം തെറ്റിദ്ധാരണാജനകമായ ഒരു വിഷയം സഭയിൽ ചർച്ച ചെയ്യുമ്പോൾ, കൂടുതൽ കാര്യങ്ങൾ പറയുമ്പോൾ ബഹുമാനപ്പെട്ട അംഗത്തിനും എനിക്കും അതിന് മറുപടി പറയാൻ കഴിയും എന്നുള്ളതുകൊണ്ട് ചർച്ച ചെയ്യപ്പെടേണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഇതിന്റെ യാഥാർത്ഥ്യങ്ങൾ കൂടി മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും തയ്യാറാകണം എന്നു മാത്രമേ ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് ഇത് ആവർത്തന വിരസമായ വിഷയമായി പറഞ്ഞത് ദു:ഖകരമായ കാര്യമാണ്. വാസ്തവത്തിൽ ഇത് ആവർത്തന വിരസമായ കാര്യമല്ല. ഇവിടെ റവന്യൂവകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോഴും ചെയർ അടിയന്തിരപ്രമേയത്തിന് അനുമതി നൽകിക്കൊണ്ട് പറഞ്ഞപ്പോഴും പറഞ്ഞത് ഈ വിഷയം നേരത്തെ രണ്ട് തവണ ചർച്ച ചെയ്തതാണെന്നാണ്. ഇത് രണ്ടുതവണ മാത്രം ചർച്ച ചെയ്താൽ പോര. അത്രയും ഏറെ പ്രാധാന്യം ഈ വിഷയത്തിനുണ്ടെന്നുള്ളതുകൊണ്ട് ഞങ്ങളുടെ അഭിപ്രായം ഈ സഭ നിറുത്തിവച്ച് വീണ്ടും ചർച്ച ചെയ്യണമെന്നുള്ളതാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. കാരണം, നമ്മുടെ സംസ്ഥാനത്തിലെ നെൽവയലിന്റെ വിസ്തൃതി 1963-ൽ 8,20,000-ൽ അധികം ഹെക്ടർ സ്ഥലത്ത് നെൽവയൽ ഉണ്ടായിരുന്നത് 2011 ആയപ്പോഴേയ്ക്കും 2.2 ദശലക്ഷം ഹെക്ടർ നെൽവയലായി കുറഞ്ഞിരിക്കുക യാണ്. ഇത് ഗവൺമെന്റ് തന്നെ ഒഫീഷ്യലായി പുറത്തിറക്കിയ കണക്കാണ്. നമുക്കാവശ്യമായ നെൽവയലുകളെല്ലാം നികത്തിക്കൊണ്ടിരിക്കുകയാണ്. വളരെ വ്യാപകമായി നെൽവയലുകൾ നികത്തുകയും പാരിസ്ഥിതികമായി വളരെ പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളും കായലുകളും തോടുകളും അതു പോലെ പ്രധാനപ്പെട്ട മേഖലകളെല്ലാം നികത്തിക്കൊണ്ടിരിക്കുന്ന സാഹചര്യ ത്തിലാണ് 2008-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം നമ്മുടെ സഭ ഐകകണ്ഠ്യേന പാസ്സാക്കിയത്. ആ സഭ പാസ്സാക്കിയ നിയമം പ്രതിപക്ഷവും ഭരണകക്ഷിയും ഒരുപോലെ അംഗീകരിച്ചുകൊണ്ട് പാസ്സാക്കിയതാണ്. അതിന്റെ പ്രധാനപ്പെട്ട ഉദ്ദേശം തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുക എന്നുള്ള താണ്. ആ നിയമത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് ഡാറ്റാബാങ്ക് തയ്യാറാക്കൽ. ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന കാര്യം, ഞങ്ങൾ പുതിയതായി ഒന്നും ചെയ്തിട്ടി ല്ലെന്നാണ്. പക്ഷെ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരു മാന പ്രകാരം പാലക്കാട് ജില്ലാകളക്ടർക്ക് കൊടുത്തിരിക്കുന്ന ഉത്തരവിൽ പറയുന്ന കാര്യം 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയ മപ്രകാരം ഇപ്പോൾ തയ്യാറാക്കിയ ഡാറ്റാബാങ്ക് പ്രാഥമിക ഡാറ്റാബാങ്കായി കണക്കാക്കണമെന്നും 04-04-12-ന് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷത യിൽ ചേർന്ന യോഗ തീരുമാനപ്രകാരം റവന്യൂ റിക്കോർഡിലെ പരിശോധന

യിലൂടെയും സ്ഥല പരിശോധനയിലൂടെയും കുറ്റമറ്റ മറ്റൊരു ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനായി റവന്യൂ-എൽ.എസ്.ജി.ഡി.-കൃഷി എന്നീ വകുപ്പുദ്യോഗസ്ഥൻമാരുടെ പുതിയ ടീമിനെ നിയമിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 2011-ൽ ഗവൺമെന്റ് നൽകിയ മറുപടിയിൽ 1095 പഞ്ചായത്തുകളിലെ 975 കൃഷി ഓഫീസുകളിലും ആവശ്യമായ ഡാറ്റാബാങ്കുകൾ ഉണ്ടാക്കുകയും കരട് വിജ്ഞാപനത്തിനുവേണ്ടി അത് നൽകുകയും മഹാഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളുടേയും കൃഷി ഓഫീസുകളുടേയും കീഴിൽ അതിനാവശ്യമായ വിജ്ഞാപനം തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണെന്നാണ്. ആ സന്ദർഭത്തിൽ ആ വിജ്ഞാപനങ്ങളെയെല്ലാം ദുർബ്ബലപ്പെടുത്തിക്കൊണ്ട് പ്രാഥമികമായ ഡാറ്റാബാങ്ക് മാത്രമാണ് എന്ന നിഗമനത്തിലേക്ക് ഗവൺമെന്റ് എത്താൻ പാടില്ല. വേണമെങ്കിൽ ഗവൺമെന്റിന് ചെയ്യാമായിരുന്ന കാര്യം, ആ ഡാറ്റാബാങ്കിന് മുകളിൽ ഏതെങ്കിലും ആളുകൾക്ക് പരാതികളുണ്ടെങ്കിൽ അത് ബോധ്യപ്പെടുത്താൻ വേണ്ടി ഒരു ടീമിനെ നിയോഗിക്കുകയും അതിന്റെ യടിസ്ഥാനത്തിൽ പരാതി പരിഹരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിലാക്കാൻ തീരുമാനിക്കുകയുമായിരുന്നെങ്കിൽ ഞാൻ ഈ അടിയന്തിര പ്രമേയം അവതരിപ്പിക്കുമായിരുന്നില്ല. മറിച്ച് ആ ഡാറ്റാബാങ്കിനെ പ്രാഥമിക ഡാറ്റാബാങ്കാക്കി വയ്ക്കുകയും പുതിയതായി വീണ്ടും ഡാറ്റാബാങ്കുണ്ടാക്കാൻ വേണ്ടി തീരുമാനിക്കുകയും ചെയ്താൽ അത് വ്യക്തമായി ഭൂമാഫിയയെ സഹായിക്കാൻ വേണ്ടിയിട്ടുള്ളതാണെന്ന് പറയേണ്ടിവരും. അതായത്, ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുവേണ്ടി റവന്യൂ റിക്കോർഡ്സ് പ്രകാരം കൃഷിയോഗ്യമായ നെൽവയലായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ വില്ലേജ് ഓഫീസർ അഗ്രിക്കൾച്ചറൽ ഓഫീസർക്ക് നൽകുകയും വില്ലേജ് ഓഫീസറും അഗ്രിക്കൾച്ചറൽ ഓഫീസറും സംയുക്തമായി ഫീൽഡ് പരിശോധന നടത്തി

നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും കരട് ഡാറ്റാബാങ്ക് തയ്യാറാക്കി പ്രാദേശികതല സമിതിയുടെ പരിഗണനയ്ക്ക് നൽകുകയും സർവ്വേക്ക് പോകുമ്പോൾ നിലവിലുള്ള റവന്യൂ റിക്കോർഡ്സ് പ്രകാരം നെൽവയൽ തണ്ണീർത്തടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഭൂമിയും സർവ്വേനമ്പർ, സബ്നമ്പർ, പട്ടയം, എന്നിവയുടെ വിശദാംശങ്ങളും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് കൈവശം വയ്ക്കുകയും ഇതിന്റെ എല്ലാം സ്കെച്ചുകളും പരിശോധിച്ച് നേരിട്ട് പോയി സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 1085 കൃഷിഭവനുകളുടെ കീഴിലുള്ള ഈ ഡാറ്റാബാങ്കുകൾ 1065 രജിസ്റ്ററുകൾ തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നത്. ഇതിന്റെ കരട് തയ്യാറാക്കാൻ വേണ്ടി 975 കൃഷി ഭവനുകളുടേയും കീഴിൽ ആവശ്യമായ രേഖകൾ ലോക്കൽബോഡി ഗവൺമെന്റിന് കൊടുത്തുകഴിഞ്ഞു. അതിൽ മഹാഭൂരിപക്ഷവും, പ്രത്യേകിച്ച് പാലക്കാട്, മലപ്പുറം ജില്ലകളിലെ ഡാറ്റാബാങ്കുകളുടെ വിജ്ഞാപനം ഷൊർണ്ണൂരിലെ പ്രസ്സിൽ അച്ചടിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യം നിലനിൽക്കുമ്പോഴുള്ള പ്രധാനപ്പെട്ട കാര്യം, ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നൂറുകണക്കിന് കേസ്സുകൾ നിലനിൽക്കുകയാണ്. ഈ നിയമത്തിലെ സെക്ഷൻ 23 അനുസരിച്ച് ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി 5–ാം വകുപ്പ് 4–ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും നെൽവയലോ അല്ലെങ്കിൽ തണ്ണീർത്തടമോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ ആറുമാസത്തിനുമേൽ കുറയാൻ പാടില്ലാത്തതും എന്നാൽ രണ്ടു വർഷംവരെ ആകാവുന്നതുമായ തടവും 50,000 രൂപയിൽ കുറയാത്ത ഒരുലക്ഷം രൂപവരെ ആകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ് എന്ന് ഈ നിയമത്തിൽ പറയുകയാണ്. 23–ാം സെക്ഷൻ അനു

സരിച്ച് ഏതെങ്കിലും ഒരാൾ കുറ്റം ചെയ്തുകഴിഞ്ഞാൽ അയാൾ കുറ്റം ചെയ്തത് തെളിയിക്കണമെങ്കിൽ ഈ ഡാറ്റാ ബാങ്ക് അനിവാര്യമാണ്. ഈ ഡാറ്റാബാങ്കിന്റെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്നാണ് 2011-ൽ സഖാവ് ടി.എം. തോമസ് ഐസക്കിന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിരിക്കുന്നത്. മഹാ ഭൂരിപക്ഷം പഞ്ചായത്തുകളുടേയും കൃഷി ഭവനുകളുടേയും ഡാറ്റാബാങ്കുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്, അത് ഇപ്പോൾ പൂർത്തികരിക്കപ്പെടാൻ പോകുന്നു എന്ന് പറയുന്ന ഘട്ടത്തിൽ വീണ്ടും അതിന്റെ അപാകതകൾ പരിഹരിക്കാൻ എന്ന നിലയിൽ പുതിയൊരു ടീമിനെ നിയോഗിക്കുന്നു. അതിനുപുറമേ മന്ത്രി പറയുന്നു, ഈ നെൽവയൽ-തണ്ണീർത്തട നിയമം ഞങ്ങൾ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന്.. ഇത് എന്തിനുവേണ്ടിയാണ്? പല പ്രദേശങ്ങളിലും വ്യാപകമായി നെൽവയൽ നികത്തുകയാണ്. സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ഇന്ന് ഭൂമാഫിയകൾ വ്യാപകമായി നെൽവയലുകൾ നികത്തുകയാണ്. അതിന് കാരണം, ഈ ഗവൺമെന്റ് നെൽവയൽ-തണ്ണീർത്തട നിയമം ഭേദഗതി വരുത്താൻ പോകുന്നുവെന്ന സന്ദേശം ഭൂമാഫിയയ്ക്ക് വ്യക്തമായി കൊടുത്തിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പുതിയ ഡാറ്റാബാങ്ക് ഉണ്ടാക്കാൻ പോയാൽ കഴുതയിൽനിന്ന് പോരുകയും ചെയ്തു, കുതിരയിൽ എത്തിയിട്ടുമില്ല എന്ന നിലയിലേയ്ക്ക് ഈ നിയമത്തെ കൊണ്ടുവരാൻവേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിലെ ചണ്ടിപ്പുലിപാടം 25 ഏക്കർ നികത്തിയപ്പോൾ ആ ഗവൺമെന്റിന്റെ കാലത്ത് 6800 ലോഡ് മണ്ണ് തിരിച്ചെടുപ്പിക്കാൻ സാധിച്ചു. എന്നാൽ ഈ ഗവൺമെന്റ് വന്നശേഷം അങ്ങനെ പല

സംഭവങ്ങളുമുണ്ടായിട്ടുണ്ട്. പക്ഷേ ഇപ്പോൾ ആ കാര്യങ്ങൾക്ക് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥരെയെല്ലാം തൽസ്ഥാനത്തുനിന്ന് മാറ്റിക്കൊണ്ടിരിക്കുകയാണ്. ആ ഉദ്യോഗസ്ഥരോട് പറയുന്നത് ഈ നിയമം ദുർബലപ്പെടുത്താൻ പോകുന്നു എന്നാണ്. പോലീസുകാർ പറയുന്നത് നെൽവയൽ-തണ്ണീർത്തട നിയമം ഇപ്പോൾ ഇല്ലാതാകാൻ പോകുകയാണെന്നാണ്. ഇപ്പോൾ ഇഷ്ടം പോലെ ആർക്കും നികത്താം. മലപ്പുറം ജില്ലയിലെ ചങ്ങരംകുളത്ത് നാഷണൽ ഹൈവേയുടെ അടുത്തായി ഒറ്റരാത്രികൊണ്ട് ഒന്നരയേക്കർ പാടം നികത്തി. അതുമായി ബന്ധപ്പെട്ട് അവിടത്തെ പൊതുപ്രവർത്തകർ കൃഷി ഓഫീസർക്ക് റിപ്പോർട്ട് കൊടുത്തു. അവർ ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി പറഞ്ഞത്, യുക്തമായ തീരുമാനം ഗവൺമെന്റ് ഒരു മാസത്തിനകം എടുക്കണമെന്നാണ്. മാസങ്ങൾ കഴിഞ്ഞിട്ടും ആരും അന്വേഷിക്കാനില്ല. മാത്രമല്ല, അർദ്ധരാത്രി മണ്ണിട്ട് നികത്താൻ തീരുമാനിച്ചതിനെതിരായി ഡി.വൈ.എഫ്.ഐ.യുടെ നേതാവും ജില്ലാ സെക്രട്ടറിയുമായ സഖാവ് സത്യൻ തടയാൻ ചെന്നതിന്റെ പേരിൽ അദ്ദേഹത്തെ വണ്ടികയറ്റി കൊല്ലാൻ ശ്രമിച്ചു. ഭൂമാഫിയ സംഘം അഴിഞ്ഞാടുന്ന സ്ഥിതിവിശേഷമാണുള്ളത്. അങ്ങയുടെ മണ്ഡലത്തിൽ, ഭൂമാഫിയയ്ക്ക് അവർ ഉദ്ദേശിച്ചതുപോലെ ഭൂമി കിട്ടാതെ വന്നപ്പോൾ അവർ സംഘം ചേർന്ന് വീടുകയറി ഉടമസ്ഥരെ അടിച്ചതിനെത്തുടർന്ന് ഇവരെ ആശുപത്രിയിലാക്കി തിരിച്ചു വരുമ്പോൾ ആ വീടു പോലും അവിടെയില്ലാത്ത സാഹചര്യമുണ്ടാക്കിയില്ലേ? ഭൂമാഫിയ കേരളത്തിൽ വിലസുകയാണ്. ആ ഭൂമാഫിയയെ നിലയ്ക്ക് നിർത്താൻ കൊണ്ടുവന്ന 2008-ലെ തണ്ണീർത്തട നിയമത്തിന്റെ പിൻബലത്തിലാണ് നമ്മുടെ രാജ്യത്തിന്റെ പാരിസ്ഥിതികമായി പ്രാധാന്യമുള്ള തണ്ണീർത്തടങ്ങൾ നിലനിൽക്കുന്നത്. ഈ തണ്ണീർത്തടങ്ങൾ കേവലം വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങ

ളല്ല. വനസ്ഥലി പോലെതന്നെ ഏറ്റവും പ്രധാനപ്പെട്ട പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളാണ്. ഈ നെൽപ്പാടങ്ങൾ, തൃശ്ശൂരിലെ കോൾപ്പാടങ്ങളാണെങ്കിലും കുട്ടനാടൻ പാടശേഖരങ്ങളാണെങ്കിലും കണ്ണൂരിലെ കയ്പാട് പാടശേഖരമാണെങ്കിലും ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട റാംസൻ സൈറ്റിൽപ്പെട്ട സ്ഥലങ്ങളാണ്. സമുദ്രനിരപ്പിൽനിന്നും താഴെ കിടക്കുന്ന ഈ പ്രദേശങ്ങളുൾപ്പെടെ ഭൂമാഫിയ നികത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടോ അഞ്ചോ സെന്റ് ഭൂമി വീട് വയ്ക്കാൻവേണ്ടി നികത്താൻ ആഗ്രഹിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ഈ നിയമം തടസ്സമാകുന്നു. എന്നാൽ അതേ സമയത്ത് നൂറു കണക്കിന് ഏക്കർ ഭൂമി നികത്താൻ തയ്യാറാകുന്ന ഭൂമാഫിയയ്ക്ക് എന്തും ചെയ്യാൻ കഴിയുന്ന വിധത്തിൽ ഈ നിയമത്തെ കാറ്റിൽ പറത്തുകയാണ്. രണ്ടുസെന്റുകാർക്കും മൂന്ന് സെന്റുകാർക്കും വേണ്ടി ഈ നിയമത്തിന്റെ അപാകതകൾ പരിഹരിക്കാനെന്ന വ്യാജേന ഇങ്ങനെ ഒരു ഉത്തരവിറക്കി സംസ്ഥാനത്തെ ഭൂ മാഫിയയ്ക്ക് എന്തും ചെയ്യാൻവേണ്ടിയുള്ള ലൈസൻസ് ഈ ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. ഇത് പ്രതിപക്ഷത്തിന്റെയോ ഭരണപക്ഷത്തിന്റെയോ മാത്രം പ്രശ്നമല്ല. ഈ നാടിന്റെ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. നമുക്ക് ആവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. അതിന് നമുക്ക് നെൽവയൽ വേണ്ടേ? നെൽ വയലുകളെല്ലാംതന്നെ ഇപ്പോൾ നികത്തുകയാണ്. പല സ്ഥലത്തും നെൽവയൽ നികത്തി അവിടെ വാഴ വയ്ക്കുന്നു. ആറും ഏഴും കൊല്ലം പഴക്കവും വലിപ്പവുമുള്ള മാവും പ്ലാവും കൊണ്ടുവയ്ക്കുകയാണ്. ഇത് എന്തിനുവേണ്ടിയാണ്? സാറ്റലൈറ്റ് സർവ്വേ വന്നുകഴിഞ്ഞാൽ അതെല്ലാം നികത്തിയ ഭൂമിയാണെന്ന് വരുത്തിത്തീർക്കാൻവേണ്ടിയാണ് ഇത് ചെയ്യുന്നത്. ഭൂമാഫിയ സംഘങ്ങളും പല

റവന്യു ഉദ്യോഗസ്ഥരും– എല്ലാ റവന്യു ഉദ്യോഗസ്ഥരും മോശക്കാരാണെന്ന് ഞാൻ പറയുന്നില്ല– കൃഷി വകുപ്പിലെ പല ഉദ്യോഗസ്ഥരും ചേർന്ന് നടത്തുന്ന കള്ളക്കളിക്ക് ഗവൺമെന്റ് അറിഞ്ഞോ അറിയാതെയോ കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം, എൽ.എസ്.ജി.ഡി.–ക്ക് വേണ്ടി ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ തീരുമാനിച്ച് വിജ്ഞാപനം ഇറക്കാൻ ഓരോ പഞ്ചായത്തിനും ഒന്നോ രണ്ടോ മൂന്നോ ലക്ഷം രൂപ വേണം. ഇത് ഏത് ഹെഡ്ഡിൽനിന്ന് ചെലവഴിക്കണമെന്ന ഉത്തരവ് കൊടുത്തിട്ടില്ല. അത് കൊടുക്കാതെ വിജ്ഞാപനം ഇറക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഒരു നിയമം കൊണ്ടുവരുമ്പോൾ ആ നിയമവുമായി ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. ആണെങ്കിലും കൃഷി വകുപ്പ് ആണെങ്കിലും റവന്യു വകുപ്പാണെങ്കിലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണെങ്കിലും ഈ വകുപ്പുകളെയെല്ലാം ക്രോഡീകരിച്ചുകൊണ്ട് വളരെ സുപ്രധാനമായ ഈ നിയമം നടപ്പാക്കാൻ ശ്രമിക്കുന്നതിന് പകരം സായ്പിനെ കാണുമ്പോൾ തോക്ക് വയ്ക്കുന്നതുപോലെ പ്രധാനപ്പെട്ട ഡാറ്റാ ബാങ്കിന്റെ കാര്യത്തിൽ നിരുത്തരവാദിത്തപരമായ, അനിശ്ചിതത്വമുണ്ടാക്കാൻ ശ്രമിക്കുന്നത് ആരെ സഹായിക്കാനാണെന്നാണ് ഞങ്ങളുടെ സംശയം. ഗവൺമെന്റിനോട് ഞങ്ങൾ പറയുന്ന ഒരു കാര്യം, ഇത് രാഷ്ട്രീയപ്രേരിതമായ ഒരു വിഷയമായി കണക്കാക്കരുതെന്നാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പൊതു പ്രശ്നമെന്ന നിലയിൽ പരിസ്ഥിതി, ഭക്ഷ്യസുരക്ഷ, കുടിവെള്ളം തുടങ്ങി എല്ലാ മേഖലയുമായി ബന്ധപ്പെട്ട വളരെ സുപ്രധാനമായ ഒരു നിയമത്തെ തകർക്കാൻവേണ്ടിയുള്ള ശ്രമമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ പ്രശ്നം സഭ നിർത്തിവച്ച് ഗൗരവമായി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹുമാനപ്പെട്ട അംഗം നെൽവയൽ-തണ്ണീർത്തട നിയമം അട്ടിമറിക്കാൻവേണ്ടി ശ്രമം നടക്കുന്നുവെന്നാണ് ഇവിടെ സൂചിപ്പിച്ചത്. ഞാൻ ആദ്യം തന്നെ കാര്യങ്ങൾ സഭയിൽ പറഞ്ഞതാണ്. അങ്ങനെ അട്ടിമറിക്ക് ഈ ഗവൺമെന്റ് കൂട്ടുനിൽക്കില്ല. അങ്ങ് ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ, ഞങ്ങൾ അധികാരമേറ്റെടുത്തശേഷം ഞങ്ങൾ ഒരിടത്തും വ്യാപകമായി നെൽവയൽ നികത്തുന്നതിന് ഒരു അനുമതിയും നൽകിയിട്ടില്ല. എവിടെയെങ്കിലും അങ്ങനെ നൽകിയിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാം. ഡാറ്റാബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭയിൽ ബഹുമാനപ്പെട്ട ടി.എം. തോമസ് ഐസക് ചോദിച്ച ഒരു ചോദ്യത്തിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടി കൊടുത്തിട്ടുണ്ടെന്നുള്ളതാണ് അങ്ങ് ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ശരിയാണ്. ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിരുന്നു. അതെക്കുറിച്ചാണ് മുൻ റവന്യു വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടി നൽകിയിട്ടുള്ളത്. ആ ഡാറ്റാബാങ്ക് തയ്യാറാക്കി വന്നപ്പോൾ അതിൽ കണ്ടുപിടിച്ച അപാകതകൾ, അങ്ങ് ഇവിടെ പറഞ്ഞല്ലോ ചില മരങ്ങളൊക്കെ വർഷങ്ങൾകൊണ്ട് നിൽക്കുന്നുവെന്ന്. ഏതായാലും ഒരു വർഷംകൊണ്ട് വളർന്നുവരുന്ന മരങ്ങളാണെന്ന് അങ്ങ് പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സാമാന്യ ബോധമുള്ള ആളുകൾക്ക് മനസ്സിലാക്കാൻ കഴിയും. ഞങ്ങൾ ചുമതല ഏറ്റെടുത്ത് ഒരു വർഷം പിന്നിടുകയാണ്. ഈ ഒരു വർഷംകൊണ്ട് നട്ടുവളർത്തിയ മരങ്ങളാണെന്ന തരത്തിൽ അങ്ങ് പറഞ്ഞത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഡാറ്റാബാങ്ക് തയ്യാറാക്കിയപ്പോൾ അതിൽ കണ്ടെത്തിയ അപാകതകൾ മനസ്സിലാക്കിക്കൊണ്ട് ഇത് ശരിയാണോ,

തെറ്റാണോ എന്ന് ഒരു പുന:പരിശോധന നടത്തുന്നതിനുവേണ്ടി ചുരുങ്ങിയ കാലയളവിനുള്ളിൽ അത് നോക്കി പരിശോധന നടത്തി അതിന്റെ റിപ്പോർട്ട് തരാൻ പറഞ്ഞതിൽ എന്ത് അപാകതയാണുള്ളത്? (തുടരും)

ശ്രീ. വി.എസ്. സുനിൽകുമാർ: സർ, മുൻ റവന്യു വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കൊടുത്തിരിക്കുന്ന മറുപടിയിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് സമിതി അംഗീകരിച്ച് ഗസറ്റ് വിജ്ഞാപനത്തിനുവേണ്ടി കൈമാറിയ കണക്കുണ്ട്. തിരുവനന്തപുരം ജില്ലയിൽ 83, അങ്ങനെ ഓരോ ജില്ലയുമായി ബന്ധപ്പെട്ട് 975 പഞ്ചായത്തുകളിൽ കൃഷിഭവനുകളുടെ കീഴിൽ ഗസറ്റ് വിജ്ഞാപനത്തിനാകുന്ന വിധത്തിലേയ്ക്ക് എല്ലാം തയ്യാറാക്കി കഴിഞ്ഞിരിക്കുന്നുവെന്ന് 2011-ൽ പറഞ്ഞിരുന്നു. അതിനുശേഷമെന്താണ് പ്രശ്നം? അങ്ങനെയാണെങ്കിൽ പുതിയത് ഉണ്ടാക്കേണ്ട കാര്യമെന്താണ്?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ കൊടുത്ത മറുപടി തെറ്റാണെന്നല്ല ഞാൻ ഇവിടെ പറഞ്ഞത്. അദ്ദേഹം കൊടുത്ത മറുപടി ശരിയാണ്. ആ മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ, ഡാറ്റാ ബാങ്ക് പ്രിപ്പയർ ചെയ്യുന്നുണ്ടെന്നും അത് പൂർത്തിയാകുമ്പോൾ പ്രസിദ്ധീകരണത്തിനുവേണ്ടി നൽകുമെന്നുമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതിൽ യാതൊരു തെറ്റുമില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ തിരുവനന്തപുരം ജില്ലയുടെ ഒരു കാര്യം പറഞ്ഞല്ലോ, ഒരു കാര്യം കൂടി പറയാം, നിലവിലുള്ള കരട് ഡാറ്റാബാങ്കിനെപ്പറ്റി വ്യാപകമായ പരാതിയുണ്ടായിരുന്നു. ഉദാഹരണത്തിന് തിരുവനന്തപുരം ജില്ലയിലെ നഗരൂർ കൃഷിഭവന്റെ കീഴിലുള്ള കാരോട് പാടശേഖരങ്ങളുടെ ഡാറ്റാ സാറ്റലൈറ്റ് മുഖാന്തിരം പരിശോധിച്ച

പ്പോൾ അപാകതകൾ കണ്ടെത്തി. ചില പാടശേഖരങ്ങൾ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അത് അംഗീകരിക്കണമെന്നാണോ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്നത്? ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ വന്നപ്പോൾ ഡാറ്റാബാങ്ക് കുറ്റമറ്റതാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് അപാകതകൾ വന്നിട്ടുള്ള പ്രദേശങ്ങളിൽ ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചത്. അതല്ലാതെ നിങ്ങളുടെ കാലഘട്ടത്തിൽ ഭൂമാഫിയയ്ക്ക് നിങ്ങൾ ഉണ്ടാക്കി ക്കൊടുത്ത സഹായങ്ങളുണ്ടല്ലോ........എല്ലാക്കാര്യങ്ങളും ഞാൻ ഇവിടെ പറയുന്നില്ല. പറയണമെങ്കിൽ പറയാനും തയ്യാറാണ്. പറയിപ്പിക്കരുത് .. (ബഹളം )........ ആ കാലഘട്ടത്തിൽ നൽകിയിട്ടുള്ള സഹായങ്ങൾ ഒന്നൊ ന്നായി എടുത്തുപറയാൻ തുടങ്ങിയാൽ നമുക്ക് അങ്ങോട്ടുമിങ്ങോട്ടും പല കാര്യങ്ങളും പറയേണ്ടതായി വരും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം ഒരു ഭൂമാഫിയയെയും സഹായിക്കാൻ വേണ്ടി ഞങ്ങൾ നടപ ടികൾ സ്വീകരിച്ചിട്ടില്ല. ഇവിടെ പലയിടങ്ങളിലും നെൽവയലുകൾ നികത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതും ആ നെൽവയലുകൾ.......

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറയുന്ന സമയത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂസ്വാമിമാർക്കുവേണ്ടി ഒരുപാട് ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ടെന്നും അത് എന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കരുത് എന്നെല്ലാം പറയുന്ന വളരെ നിർഭാഗ്യകരമായ ആരോപണങ്ങൾ, ഒന്നുംതന്നെ വ്യക്തമല്ലാതെ, പുകമറ സൃഷ്ടിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രസ്താവനയ്ക്ക് മറുപടി പറയണം, അല്ലെങ്കിൽ ആ പ്രസ്താവന പിൻവലിക്കണം

ശ്രീ. അടൂർ പ്രകാശ്:സർ, ബഹുമാനപ്പെട്ട അംഗം ഇത്ര രോഷാകുലനാകേണ്ട കാര്യമില്ല. തത്കാലം ഇത് പിൻവലിക്കാൻ പ്രയാസമാണ്. കാര്യങ്ങൾ പറയാം. കാര്യങ്ങൾ പറയുന്നതുകൂടി കേട്ടിട്ട്, ഏതായാലും ചർച്ചയ്ക്ക് ശേഷം സംസാരിച്ചിട്ട് വാക്കൗട്ട് ചെയ്യുമായിരുക്കുമല്ലോ......ഈ ഭൂമാഫിയയെ ഞങ്ങൾ സഹായിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി.എസ്. സുനിൽകുമാർ ഇവിടെ പറഞ്ഞപ്പോൾ അതിന് മറുപടി അടൂർ പ്രകാശ് പറഞ്ഞുവെന്ന് മാത്രമേയുള്ളു. നിങ്ങളുടെ കാലഘട്ടത്തിൽ ചെയ്ത കാര്യങ്ങളൊക്കെത്തന്നെയാണ് ഇപ്പോഴും ഇവിടെ നിലനിൽക്കുന്നത്. അത് രേഖകളിൽ ഉള്ളതാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് എല്ലാം പറയാൻ തുടങ്ങിയാൽ ഒരുപാട് എടുത്തുപറയേണ്ടി വരും. (ബഹളം).... ഇവിടെ

മി. സ്പീക്കർ: നോ...നോ.... അദ്ദേഹം പറയട്ടെ....

ശ്രീ. അടൂർ പ്രകാശ് : ആറൻമുളയിൽ വയൽ നികത്തുന്നതിനുള്ള അനുവാദം കൊടുത്തത് ഈ സർക്കാരാണോ? ഈ ഗവൺമെന്റാണോ കൊടുത്തത്? ഞങ്ങളല്ല, അതിനുള്ള അനുമതിയെല്ലാം കൊടുത്തത് നിങ്ങളുടെ കാലത്താണ്. അങ്ങനെ അനുമതി കൊടുത്തിട്ട് ഇവിടെ വന്ന് ഞങ്ങൾ ഒന്നും ചെയ്തില്ല എന്ന് പറയുകയാണോ? ഇത്തരം കാര്യങ്ങൾ നിങ്ങളുടെ അറിവോടെ അനുമതി കൊടുത്തിട്ട് ഒന്നും അറിഞ്ഞില്ല എന്നു പറഞ്ഞുകൊണ്ട് ഞങ്ങളെ പ്രതിക്കൂട്ടിലാക്കാൻ വന്നതുകൊണ്ടാണ് ചില കാര്യങ്ങൾ ഞങ്ങൾക്ക് പറയേണ്ടി വരുമെന്ന് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇത് സംബന്ധിച്ച് കുറേക്കാര്യങ്ങൾ പറഞ്ഞു. അക്കൂട്ടത്തിൽ ശ്രീ.വി. എസ്. സുനിൽകുമാർ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം, ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യു വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലത്ത്

നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചുകൊണ്ട് നോട്ടിഫിക്കേഷനുവേണ്ടി അയച്ചത് എന്തുകൊണ്ട് നോട്ടിഫിക്കേഷൻ വരുന്നില്ല. നോട്ടിഫിക്കേഷൻ വരാത്തത് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് ആവശ്യമായ തുക (ഓരോ പഞ്ചായത്തിനും 3 ലക്ഷം രൂപ) ഇല്ലാത്തതുകൊണ്ടാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നടപടിക്രമം പൂർത്തീകരിച്ചിട്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാത്തതിന്റെ ഗുരുതരമായ പ്രശ്നമാണ് ശ്രീ.വി.എസ്. സുനിൽകുമാർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അതിന് ഗവൺമെന്റിന് കൂട്ടുത്തരവാദിത്തമില്ലേ? എന്തുകൊണ്ട് പഞ്ചായത്തുകൾക്ക് ഈ പൈസ കൊടുത്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തയ്യാറാകുന്നില്ല? ഇതിന് ഒരു ഉത്തരമാണ് ഞങ്ങൾക്ക് കിട്ടേണ്ടത്.

ശ്രീ. അടൂർ പ്രകാശ് :സർ, നോട്ടിഫിക്കേഷൻ നടത്തുന്നതിന് ഈ ഗവൺമെന്റ് തയ്യാറാണ്. ഞങ്ങൾ അതിൽ നിന്ന് പിന്നോക്കമില്ല. പക്ഷേ അത് കുറ്റമറ്റതാകണമെന്ന് മാത്രമേയുള്ളു ഞങ്ങൾക്ക് അഭിപ്രായം.

അതല്ലാതെ...........

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, 2008-ൽ ഇതിന് നിയമം പാസ്സാക്കി. ഒരു വർഷത്തിനകം ഡാറ്റാബാങ്ക് നോട്ടിഫിക്കേഷൻ വരണമെന്നായിരുന്നു നിയമത്തിലുണ്ടായിരുന്നത്. അന്നത്തെ ഗവൺമെന്റ് ചില നടപടികൾ എടുത്തു. പക്ഷേ ആ ഗവൺമെന്റ് പോകുന്നതുവരെ അത് പ്രഖ്യാപിച്ചില്ല. അതിനുശേഷം ഈ ഗവൺമെന്റ് വന്നു. ആ നടപടി തുടർന്നു. അങ്ങനെ തുടരുന്ന സമയത്ത് പരാതികളുടെ പ്രളയമായിരുന്നു. കാരണം, തണ്ടപ്പേർ രജിസ്റ്ററിനകത്ത് വയൽ അല്ലാത്തത് വയലായും വയലായത് വയൽ അല്ലാതെയുമാണ്

ഉണ്ടായിരുന്നത്. ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി അതതുസ്ഥലത്തുള്ള വില്ലേജ് ഓഫീസുകളിൽനിന്ന് ലിസ്റ്റ് അടിയന്തിരമായി അയച്ചുകൊടുക്കണമെന്ന് പറഞ്ഞു. അവർ കൈയിലുണ്ടായിരുന്ന ലിസ്റ്റുകളെല്ലാം തപ്പിക്കൂട്ടി അയച്ചു. അവർക്ക് അത് റെക്റ്റിഫൈ ചെയ്ത് അയച്ചുകൊടുക്കാനുള്ള സാവകാശം ഉണ്ടായില്ല. അത് റെക്റ്റിഫൈ ചെയ്യണം. അതിന് ഉദ്യോഗസ്ഥതലത്തിൽ യോഗം ചേർന്ന് റെക്റ്റിഫിക്കേഷനുവേണ്ടി ഒരു സമയം കൊടുത്ത് അത് കളക്ട് ചെയ്തു. അതാണ് കുറ്റമറ്റതാക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തുവെന്ന് പറഞ്ഞത്. ആ പ്രോസസ് പൂർത്തിയാക്കി മുമ്പോട്ടുപോകുകയാണ്. പഴയ ഗവൺമെന്റ് ചെയ്തത് ഞങ്ങൾ തുടർന്നുവരികയാണ്. അന്ന് പരാതി പരിഹരിക്കാൻ പറ്റാതെ പോയത് പരിഹരിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ:സർ......

മി. സ്പീക്കർ: മന്ത്രി മറുപടി പറയട്ടെ. അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗത്തിനും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനും വഴങ്ങി...... നോ... നോ.... പ്ലീസ്...

ശ്രീ. അടൂർ പ്രകാശ്: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻ റവന്യു വകുപ്പുമന്ത്രി എന്ന നിലയിൽ അതിന് വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു കാരണവശാലും നെൽപ്പാടങ്ങൾ നികത്തി ഭൂമാഫിയകൾക്ക് സമ്പത്തുണ്ടാക്കുന്നതിനുവേണ്ടി അവർക്ക് കൂട്ട് നിൽക്കുന്ന പ്രശ്നമില്ല എന്ന് അസന്നിഗ്ദ്ധമായി ഈ സഭയിൽ പറയുകയാണ്. അക്കാര്യത്തിൽ ഒരു സംശയവും ആർക്കും വേണ്ട. ഇവിടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയതുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായ ചില അപാകതകൾ

....................... .....

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇത് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ പണം ഇല്ലെന്ന് പഞ്ചായത്തുകൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ സഹായിക്കാൻ വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യം, അത് സംബന്ധിച്ച് ഞങ്ങൾ ചർച്ച ചെയ്തു. ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് സാമ്പത്തിക സഹായം കണ്ടെത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ഡാറ്റാബാങ്കുമായി ബന്ധപ്പെട്ട് സാറ്റലൈറ്റ് സർവ്വേയിൽ ചില അപാകതകൾ കണ്ടെത്തിയ പ്രദേശങ്ങളിൽ ഒന്നുകൂടി ജോയിന്റ് വെരിഫിക്കേഷൻ നടത്തി മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ടുകൾ നൽകണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എവിടെയെങ്കിലും ഗവൺമെന്റ് അറിയാതെ ഏതെങ്കിലും തരത്തിൽ നിലംനികത്തൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സഭയിൽത്തന്നെ മറുപടി കൊടുത്തിട്ടുണ്ട്. അതുമാത്രമല്ല ഡിമാൻഡ് ചർച്ചയിലും മറുപടി കൊടുത്തതാണ്. കേസുകൾ എടുത്ത് നടപടികൾ സ്വീകരിച്ചതിനെക്കുറിച്ചും മറുപടി കൊടുത്തിട്ടുണ്ട്. എന്തായാലും നെൽവയൽ നികത്തി ഭൂമാഫിയകൾക്ക് കൂട്ടുനിൽക്കുന്ന ഒരു ഏർപ്പാട് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരിക്കലുമുണ്ടാകില്ല. മുൻകാലങ്ങളിൽ ആരെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് ആവർത്തിക്കുന്ന നിലപാടല്ല ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഈ ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട് എന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുന്നു. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. വി.എസ്. സുനിൽ കുമാർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വളരെ വിശദമായി മറുപടി നൽകി. ഈ നിയമസഭയിൽ ഐക്യകണ്ഠ്യേന പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അട്ടിമറിക്കപ്പെടുമോയെന്നും ഇവിടത്തെ നിലങ്ങൾ മുഴുവൻ നികത്തപ്പെടുന്ന ഒരു സാഹചര്യമുണ്ടാകുമോയെന്നുമുള്ള ആശങ്കയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ, അങ്ങനെ യാതൊരു വിധത്തിലുള്ള നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. ഡാറ്റാ ബാങ്ക് പബ്ലിഷ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചില പോരായ്മകളും തെറ്റുകളും കടന്നുകൂടിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടികളിൽ കാലതാമസം നേരിട്ടിട്ടുള്ളത്. ഡാറ്റാ ബാങ്കിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുക എന്നല്ലാതെ ആ നിയമത്തിന്റെ അന്ത:സത്തയ്ക്ക് ദോഷകരമായി ബാധിക്കുന്ന യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ലെന്ന് ഞാൻ ഉറപ്പുനൽകുകയാണ്. ഈ ഗവൺമെന്റിന് വ്യക്തമായൊരു നയമുണ്ട്. വീടുവയ്ക്കാൻ സ്വന്തമായി സ്ഥലമില്ലാത്ത പാവപ്പെട്ടവർക്ക് ഏറ്റവും പരിമിതമായ രീതിയിൽ ഈ നിയമത്തിൽ അനുവദിച്ചിട്ടുള്ള സ്ഥലം മാത്രം നികത്തുന്നതിനുള്ള അനുമതി കൊടുക്കുക, റോഡുകൾ, ബൈപ്പാസുകൾ എന്നിവയുമായി ബന്ധപ്പെട്ട പൊതു ആവശ്യങ്ങൾക്കുമാണ് ഇപ്പോൾ എക്സംഷൻ അനുവദിക്കുന്നത്. അല്ലാതെയുള്ള ആവശ്യങ്ങൾക്കോ റിയൽ എസ്റ്റേറ്റ് മാഫിയകൾക്കോ നികത്താൻ അനുമതി നൽകുകയില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ ഇതു

സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനനും അതിനുശേഷം അധികാരമേറ്റ ശ്രീ. അടൂർ പ്രകാശും റിവ്യൂ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്കു മാത്രമല്ലാതെ മറ്റാർക്കും നെൽവയലുകൾ വാങ്ങാനുള്ള അനുവാദം നൽകാൻ പാടില്ലായെന്നുള്ള നിയമം കൊണ്ടുവരണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇവിടത്തെ സമ്പന്നന്മാർ നെൽവയൽ വാങ്ങി ക്കൂട്ടുന്നതെന്തിനാണ്? കൃഷി ആവശ്യത്തിനായി കർഷകർക്ക് മാത്രമേ നെവൽവയലുകൾ വാങ്ങാൻ സാധിക്കുകയുള്ളൂ എന്നൊരു വ്യവസ്ഥ ഇവിടെ കൊണ്ടുവരുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയാണ്. നേരത്തെ പറഞ്ഞ രണ്ട് ആവശ്യങ്ങൾക്കല്ലാതെ നിലം നികത്തുന്നതിന് അനുമതി നൽകുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. അങ്ങനെയല്ലെങ്കിൽ ഏതൊക്കെ നിയമത്തിന്റെ പേരിലായാലും ഇത്തരം കാര്യങ്ങളിൽ ഭൂമാഫിയകളുടെ ഇടപെടലുണ്ടാകും. അതുകൊണ്ട് ഈ അവസരത്തിൽ ഒരു പുതിയ നിയമനിർമ്മാണത്തിന് പ്രതിപക്ഷാംഗങ്ങളുടെ സഹകരണം കൂടി അഭ്യർത്ഥിക്കുകയാണ്. അത്തരമൊരു നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു).

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വളരെ അപകടകരമായ സ്ഥിതിയിലാണ് നിൽക്കുന്നത്. വീടുവയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് അതിന് അനുവാദം നൽകുവെന്ന പേരിൽ പ്രമാണിമാർ പാവപ്പെട്ടവരെക്കൊണ്ട് നാല് സെന്റ് നിക

ത്തുന്നതിനുള്ള അപേക്ഷ നൽകിയതിനുശേഷം ആ നിലം തന്നെ കൈവശ പ്പെടുത്തി നികത്തുന്ന നിലയിലേയ്ക്ക് സ്ഥിതിഗതികൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് അതെല്ലാം പരിശുദ്ധമായിരുന്നുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ഞങ്ങളുടെ കാലത്തും ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമേറ്റതിനു ശേഷവും ഭൂപ്രമാണിമാർ അതേ നിലപാടുതന്നെ തുടർന്നുകൊണ്ടിരിക്കുകയാണ്. മുൻ ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പുള്ള ഒരു ചിത്രം ഇവിടെ പറഞ്ഞു. ഒൻപത് ലക്ഷം ഹെക്ടർ നെൽപ്പാടമുണ്ടായിരുന്നത് ഇപ്പോൾ രണ്ട് ലക്ഷം ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. അതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് നെൽവയൽ നികത്തൽ തടഞ്ഞുകൊണ്ടുള്ള നിയമം നിലവിൽ വന്നത്. അതിനുശേഷവും പ്രമാണിമാരുടെ സ്വാധീനവും ശക്തിയും നല്ല നിലയിൽ വിനിയോഗിക്കുന്നതിന്റെ ഫലമായി ഭക്ഷ്യോത്പാദനം ഏറ്റവുമധികം വർദ്ധിപ്പിക്കേണ്ട ഈ അവസരത്തിൽ നമുക്കാവശ്യമുള്ള അരിക്കുവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ച് കഴിയേണ്ട ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിലെ നിലങ്ങൾ പരിരക്ഷിച്ചുകൊണ്ട് ആ നിലങ്ങളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുത്ത് ജനങ്ങൾക്ക് ഭക്ഷണം കൊടുക്കാനുള്ള സൗകര്യമൊരുക്കുക എന്നുള്ളത് ഗവൺമെന്റിന്റെ ചുമതലയാണ്. അത് ഭരണപ്രതിപക്ഷാംഗങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പഴിചാരി തടിതപ്പാൻ നോക്കരുത്. വലിയ ഭൂമാഫിയകളോടാണ് നാം പോരാടേണ്ടത്. നമ്മുടെ ഭൂമി സംരക്ഷിക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടി ഭൂ മാഫിയകൾക്കെതിരായി നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരികയാണെങ്കിൽ അതിന് എല്ലാവിധ സഹായങ്ങളും

ഞങ്ങൾ ചെയ്തുതരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഭൂമാഫിയകളെ ഒറ്റപ്പെടുത്തി നമ്മുടെ കൃഷി ഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനുപകരം "നിങ്ങളുടെ കാലത്ത് ആകെ പൊളിഞ്ഞിരുന്നു" എന്ന മട്ടിലാണ് റവന്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞുതുടങ്ങിയത്. ഞങ്ങളുടെ കാലത്ത് ഞങ്ങളെല്ലാവരും രക്ഷിതാക്കളായി മാറിയിരിക്കുന്നുവെന്ന രീതിയിലുള്ള അസംബന്ധങ്ങൾ ഇനിമേലിൽ ഈ സഭയിൽ പറയരുത്. അങ്ങനെ തെറ്റായി പറഞ്ഞ കാര്യം പിൻവലിക്കണമെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രിക്ക് വലിയ കുറച്ചിലായിട്ടാണ് തോന്നിയത്. നമ്മുടെ ഭൂമി, നമ്മുടെ കൃഷിഭൂമി തട്ടിയെടുക്കുന്ന ഭൂമാഫിയകളെ നിലയ്ക്കുനിർത്താൻ ആവശ്യമായ സമീപനം നമ്മൾ ഒരുമിച്ചു ചെയ്യണമെന്നുള്ള ചിന്താഗതിക്കു പകരം പരസ്പരം ആക്ഷേപിക്കാൻ ശ്രമിച്ചാൽ സഹായിക്കുന്നത് ഭൂമാഫിയാകളെ തന്നെയാണ്. ആവശ്യമായ കാര്യങ്ങൾ പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി ചെയ്യാൻ താൽപ്പര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞതിനെ ഞങ്ങൾ മുഖവിലയ്ക്കെടുക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഇപ്പോൾ വാക്കൗട്ട് ചെയ്യുന്നില്ല. അത് ഉടനെ തന്നെ നടത്തുമെന്ന് വിശ്വസിക്കുന്നു. ഈ കാര്യത്തിൽ പ്രതിപക്ഷാംഗങ്ങളുടെ സഹകരണം വേണമെന്നുപറഞ്ഞു. ആത്മാർത്ഥമായ ഉദ്ദേശമുണ്ടെങ്കിൽ കർഷകസംഘങ്ങളേയും കർഷക തൊഴിലാളിയൂണിയനുകളേയും പ്രതിപക്ഷാംഗങ്ങളേയും ഒരുമിച്ചു വിളിച്ചാൽ യഥാർത്ഥ വസ്തുതയെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കും. അതിന് അതിവേഗം തന്നെ മുഖ്യമന്ത്രി നടപടി സ്വികരിക്കുമെന്ന് ആശിച്ചുകൊണ്ട് ഈ അടിയന്തരപ്രമേയത്തിൽ സഖാവ് വി.എസ് സുനിൽകുമാർ ഉന്നയിച്ച കാര്യങ്ങൾ അതേ പ്രാധാന്യത്തോടുകൂടി ഗവൺമെന്റ് കൈകാര്യം

ചെയ്യുമെന്ന് വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിന്മേൽ പ്രകോപനം സൃഷ്ടിക്കുന്ന നിലയിൽ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞുവെങ്കിലും ബഹുമാനപ്പെട്ട അംഗത്തിന്റെ ആഗ്രഹം നിറവേറ്റാൻ സഹായകമായ രീതിയിലുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നില്ല. അതാണ് അതിന്റെ സ്പിരിറ്റെന്ന് സഖാവ് വി.എസ്. സുനിൽ കുമാർ മനസ്സിലാക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

(ശ്രദ്ധക്ഷണിക്കൽ)

* * * * * * * * * * * * * * *